

# വീണ്ടും ദൽഹി

**മൂന്നു വർഷത്തെ ഇടവേളയിലാണ് തലസ്ഥാന നഗരിയിൽ അധികൃതരുടെ മൂക്കിനു താഴെ വീണ്ടും ഭീകരാക്രമണമുണ്ടായിരിക്കുന്നത്. രാജ്യത്ത് മുഴുവൻ ജാഗ്രതാ നിർദേശം നിലനിൽക്കുമ്പോഴാണ് ദൽഹിയിൽ ബോംബു പൊട്ടിയത്. സ്ഫോടനം നടക്കുമെന്ന് ആഭ്യന്തര മന്ത്രാലയത്തിന് വിവരം ലഭിച്ചിരുന്നു. സുരക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. എന്നിട്ടും അത് സംഭവിച്ചു.**

ലേഖനം ● ഇനാമുറഹ്മാൻ

**മരണം** മണക്കുന്ന നഗരത്തിൽ വീണ്ടുമൊരു കറുത്ത ശനിയാഴ്ച. ദൽഹിയുടെ സിരാകേന്ദ്രങ്ങളായ കോണാട്ട് പ്ലേസ്, കരോൾ ബാഗ്, ഗ്രെയ്റ്റർ കൈലാഷ് എന്നിവിടങ്ങളിൽ പതിവു ദൃശ്യങ്ങൾ തന്നെയായിരുന്നു അന്നും. ആഴ്ചയുടെ അവസാന ദിവസം സാധനങ്ങൾ വാങ്ങാനെത്തിയവരുടെയും സെൻട്രൽ പാർക്കിൽ കാറ്റുകൊള്ളാനെത്തിയവരുടെയും ബഹളം. കരോൾ ബാഗിലെ ഗഫാർ മാർക്കറ്റിൽ ജനം ഇരച്ചെത്തിക്കൊണ്ടിരിക്കുന്നു. സ്ത്രീകളും കുട്ടികളുമായി നൂറു കണക്കിനാളുകൾ. വൈകുന്നേരം 6.15. കാതടപ്പിക്കുന്ന ശബ്ദത്തോടെ അതു സംഭവിച്ചു. മുൻസിപ്പൽ കോർപറേഷൻ കെട്ടിടത്തിന് എതിർവശത്ത് നിർത്തിയിട്ടിരുന്ന ഓട്ടോറിക്ഷ അഗ്നി ഗോളമായി. തൊട്ടടുത്ത നിമിഷം കോണാട്ട് പ്ലേസിലെ സെൻട്രൽ പാർക്കിന് സമീപത്തെ ചവറ്റുകൊട്ട പൊട്ടിച്ചിതറി. മിനിറ്റുകൾക്കുള്ളിൽ വിളിപ്പാടകലെ മെട്രോ റെയിൽവേ സ്റ്റേഷന്റെ ഭൂമിക്കടിയിലേക്ക് ആണ്ടു പോകുന്ന പടവുകൾക്ക് സമീപം ബാരക്കമ്പ റോഡിൽ ബോംബുപൊട്ടി. അൽപം മാറി ഗ്രെയ്റ്റർ കൈലാഷിൽ രണ്ടിടത്തും ഇതാവർത്തിച്ചു. ഏതാണ്ട് മുക്കാൽ മണിക്കൂറിനുള്ളിൽ അഞ്ചിടങ്ങളിൽ ടൈമർ ഘടിപ്പിച്ച ബോംബുകൾ അഗ്നിഗോളങ്ങൾ തീർത്തു. എന്താണ് സംഭവിക്കുന്നതെന്ന് തിരിച്ചറിയുന്നതിനു മുമ്പ് വ്യാപാര കേന്ദ്രങ്ങൾ ചോരമണമുള്ള തെരുവുകളായി. പൊട്ടിച്ചിരികളും കലപില ശബ്ദങ്ങളും കൂട്ട നിലവിളികൾക്ക് വഴിമാറി. കുടുംബ സമേതമെത്തിയവർ മക്കളെ വാരിപ്പിടിച്ച് ആർത്തുവിളിച്ച് തലങ്ങും വിലങ്ങുമോടി. തൊട്ടു മുമ്പുവരെ തങ്ങളോടൊപ്പമുണ്ടായിരുന്നവർ അനക്കമറ്റ് ചോരയിൽ മുങ്ങി കിടക്കുന്നത് പലരും നിസ്സഹായരായി നോക്കി നിന്നു. ചെരുപ്പുകളും ബാഗുകളും മനുഷ്യ ശരീരത്തോടൊപ്പം ചോരയിൽ കുഴഞ്ഞ് ചിതറിക്കിടന്നു. മരണം എല്ലാ ഭീതിയോടെയും നിറഞ്ഞാടുകയായിരുന്നു. പരിക്കേറ്റവർ നടുറോട്ടിൽ സഹായത്തിനായി ആർത്തു വിളിച്ചു. അവയവങ്ങൾ നഷ്ടപ്പെട്ടവരുടെ വിലാപം, തൊട്ടു മുമ്പുവരെ തന്നോടൊപ്പം കളിച്ചു നടന്ന മകനെ കാണാതെ അലമുറയിടുന്ന അമ്മ, കാൽ അറ്റു തൂങ്ങിയ ഓട്ടോഡ്രൈവർ. കരൾ പിളർക്കുന്ന കാഴ്ചകളായിരുന്നു എല്ലായിടത്തും. ദുരന്തത്തിന് മൂകസാക്ഷിയായ മഹാനഗരം ഒരിക്കൽ കൂടി വിറങ്ങലിച്ചു നിന്നു.

ഗഫാർ മാർക്കറ്റിൽ വർഷങ്ങളായി തെരുവിൽ കഴിയുന്ന നാടോടി കുടുംബത്തിലെ ഏഴുപേരുടെ ശരീരങ്ങൾ ജനക്കൂട്ടം നോക്കിനിൽക്കേ നിമിഷങ്ങൾക്കകം പിടഞ്ഞ് നിശ്ചലമായി. കോണാട്ട് പ്ലേസിൽ രണ്ടിടത്തായി 13 പേർ മരണപ്പെട്ടു. ഗുരുതരമായി പരിക്കേറ്റ പൂജ എന്ന 15 കാരിയുൾപ്പെടെ രണ്ടു പേർ ആശുപത്രിയിൽ മരണത്തിനു കീഴടങ്ങി. അങ്ങനെ 22 പേർ മരിച്ചു. ഗുരുതരമായി പരിക്കേറ്റവർ ഇപ്പോഴും ആശുപത്രികളിൽ കഴിയുന്നു. ജനത്തിരക്കേറിയ സ്ഥലത്തു നിന്ന് കണ്ടെടുത്ത മൂന്നു ബോംബുകൾ പൊട്ടാതെ പോയത് ദുരന്തത്തിന്റെ വ്യാപ്തി കുറച്ചു. അമോണിയം നൈട്രേറ്റുകൊണ്ട് നിർമിച്ച ബോംബുകളിൽ ബെയറിംഗുകൾ പാകിയിരുന്നതായി പ്രാഥമിക പരിശോധനയിൽ കണ്ടെത്തി. അഹ്മദാബാദിലും ഇതേ ബോംബുകളാണ് ഉപയോഗിച്ചിരുന്നത്. വെടിച്ചില്ലു കണക്കേ ശരീരത്തിലേക്ക് തുളച്ചുകയറി പ്രാണനെടുക്കുന്നതിനാണ് ബെയറിംഗുകൾ പിടിപ്പിക്കുന്നത്. മരിച്ചവരുടെയും പരിക്കേറ്റവരുടെയും തുള വീണ ശരീരങ്ങൾ ഇതിന്റെ തെളിവാണ്.

സ്ഫോടനങ്ങളും ഭീകരാക്രമണങ്ങളും ഈ നഗരത്തിന് പുതുമയല്ല. 2005 ഒക്ടോബർ 29ന് ഇതുപോലൊരു ശനിയാഴ്ച ദീപാവലി ആഘോഷത്തിന്റെ ബഹളങ്ങൾക്കിടയിൽ തിരക്കേറിയ മാർക്കറ്റുകളിൽ മരണം വിതച്ചുകൊണ്ട് ബോംബുകൾ പൊട്ടിത്തെറിച്ചു. പഹാഡ്ഗഞ്ച്, സരോജിനി നഗർ, ഗോവിന്ദപുരി എന്നിവിടങ്ങളിൽ മിനിറ്റുകളുടെ വ്യത്യാസ

ത്തിൽ നടന്ന സ്ഫോടനത്തിൽ 62 പേർ മരിക്കുകയും 210ലേറെ പേർക്ക് പരിക്കേൽക്കുകയും ചെയ്തു. മൂന്നു വർഷത്തെ ഇടവേളയിലാണ് തലസ്ഥാന നഗരിയിൽ അധികൃതരുടെ മൂക്കിനു താഴെ വീണ്ടും ഭീകരാക്രമണമുണ്ടായിരിക്കുന്നത്. രാജ്യത്ത് മുഴുവൻ ജാഗ്രതാ നിർദേശം നിലനിൽക്കുമ്പോഴാണ് ദൽഹിയിൽ ബോംബു പൊട്ടിയത്. സ്ഫോടനം നടക്കുമെന്ന് ആഭ്യന്തര മന്ത്രാലയത്തിന് വിവരം ലഭിച്ചിരുന്നു. സുരക്ഷാ നടപടികൾ സ്വീകരിക്കുകയും ചെയ്തിരുന്നു. എന്നിട്ടും അത് സംഭവിച്ചു.

ഭീകരാക്രമണമുണ്ടാകുമെന്ന് വിവരം ലഭിച്ചിരുന്നുവെന്നും എന്നാൽ അതിന്റെ സമയവും സ്ഥലവും അറിഞ്ഞിരുന്നില്ലെന്നുമാണ് ആഭ്യന്തര മന്ത്രി ശിവരാജ് പാട്ടീൽ പറഞ്ഞത്. അതായത് അടുത്ത തവണ ബോംബുവെക്കുന്നവർ ആരാണോ അവർ സ്ഥലവും സമയവും കൃത്യമായി ആഭ്യന്തര മന്ത്രിയെ അറിയിക്കണമെന്ന് ചുരുക്കം. അല്ലെങ്കിലും സ്ഫോടനത്തിൽ രാജ്യം നടുങ്ങി നിൽക്കുമ്പോൾ തിരക്കിനിടയിലും മൂന്ന് തവണ വസ്ത്രം മാറാനും മുടി മിനുക്കാനും സമയം കണ്ടെത്തിയ മന്ത്രിയിൽ നിന്ന് ഇതിൽ കൂടുതൽ പ്രതീക്ഷിക്കാനാവില്ല. അതിനേക്കാൾ പരിഹാസ്യമായിരുന്നു പോലീസ് നടപടി. സ്ഫോടനമുണ്ടായ നാലിടങ്ങളിലും ബോംബുവെക്കാനുപയോഗിച്ചത് ചവറ്റുകൊട്ടകളായിരുന്നു. ഇത് ബോധ്യപ്പെട്ടതോടെ ദൽഹി നഗരത്തിലെ മുഴുവൻ ചവറ്റുകൊട്ടകളും പോലീസ് കമഴ്ത്തിവെച്ചു! രാജ്യത്തെ പ്രധാന നഗരങ്ങളിൽ തുടർച്ചയായി സ്ഫോടന പരമ്പരകളുണ്ടാകുമ്പോഴും ഒന്നും ചെയ്യാൻ കഴിയാത്ത നിസ്സഹായാവസ്ഥയുടെ ഏറ്റവും ഒടുവിലത്തെ കാഴ്ചയാണിത്.

നഗരങ്ങളുടെ തെരുവുകൾ ചോരക്കളമാക്കികൊണ്ട് ബോംബ് സ്ഫോടനം നടത്തി നിരപരാധികളെ കൊന്നൊടുക്കുന്നവരാരാണ്? രാജ്യം ചോദിക്കുന്ന ഏറ്റവും വലിയ ചോദ്യം. ഉത്തരം തരാൻ അന്വേഷണ ഉദ്യോഗസ്ഥർക്ക് ഇതുവരെ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ നടന്ന സ്ഫോടന പരമ്പരകളുടെ അന്വേഷണ പുരോഗതി പരിശോധിച്ചാൽ ഇത് ബോധ്യമാകും. ഒരൊറ്റ കേസിൽ പോലും യഥാർഥ പ്രതികൾ പിടിയിലായിട്ടില്ല. സി.ബി.ഐയും വിവിധ സംസ്ഥാനങ്ങളിലെ ഭീകരവിരുദ്ധ സ്ക്വാഡുകളുമൊക്കെ അന്വേഷിക്കുന്ന കേസുകളിൽ പലതും വർഷങ്ങളായി അന്വേഷണത്തിലാണ്. ഒരാളെയെങ്കിലും പിടികൂടുകയോ കുറ്റപത്രം പോലും തയാറാക്കുകയോ ചെയ്യാത്ത കേസുകൾ തന്നെയുണ്ട്. പിടികൂടിയ പലരെയും കുറ്റക്കാരല്ലെന്നു കണ്ട് വിട്ടയച്ച സംഭവങ്ങൾ നിരവധി. പല കേസുകളിലും പ്രതികൾ ഈ രാജ്യത്തു തന്നെയില്ലാത്തവരാണ്. സംഝോധ എക്സ്പ്രസ്, ഹൈദരാബാദ്, ലഖ്നൗ സ്ഫോടനങ്ങൾ... ഉദാഹരണങ്ങൾ നിരവധി. മുമ്പ് ബോംബുകൾ പൊട്ടിയാലുടൻ ജയ്ശെ മുഹമ്മദ്, ലശ്കറെ ത്വയ്യിബ, ഹർകത്തുൽ ജിഹാദുൽ ഇസ്‌ലാമി എന്നീ സംഘടനകളുടെ പേരുകളായിരുന്നു പറഞ്ഞു കേട്ടിരുന്നത്. എന്നാൽ ജയ്പൂർ സ്ഫോടനത്തിന് ശേഷം ഇതു സിമിയും ഇന്ത്യൻ മുജാഹിദീനുമായി എന്ന വ്യത്യാസമേയുള്ളൂ. ജയ്പൂർ സ്ഫോടനവുമായി ബന്ധപ്പെട്ട് പിടിയിലായ സഫ്ദർ നഗോറി, അഹ്മദാബാദ് സ്ഫോടനത്തിൽ പിടിയിലായ സിമി നേതാവ് അബൂ ബശീർ എന്നിവരുടെ പേരുകളായിരുന്നു ജയ്പൂർ സ്ഫോടനങ്ങൾ മുതലിങ്ങോട്ടുള്ളവയുടെ മുഖ്യപ്രതിപ്പട്ടികയിൽ പറഞ്ഞു കേൾക്കുന്നത്. എന്നാൽ ജയ്പൂർ സ്ഫോടന കേസിൽ ഇതുവരെ ഒരു പുരോഗതിയുമില്ല. നഗോറിക്കെതിരെ കുറ്റസമ്മതമൊഴിയല്ലാതെ മറ്റു തെളിവുകൾ കണ്ടെത്താൻ പോലീസിനായിട്ടില്ല. അബൂ ബശീറിന്റെ കൂടെ പിടികൂടിയ ഒമ്പതു പേരും 2001ൽ പോലീസ് കസ്റ്റഡിയിലെടുത്തവരാണ്. ഇവരെ കുറ്റക്കാരല്ലെന്ന് കണ്ട് കോടതി പിന്നീട് വിട്ടയച്ചു. യു.പിയിലെ അസംഗഢിൽ മദ്റസാധ്യാപകനും ഇസ്‌ലാമിക വിഷയങ്ങളിൽ അവഗാഹവുമുള്ള അബൂ ബശീറാണ് അഹ്മദാബാദ് സ്ഫോടനത്തിലെ മുഖ്യ സൂത്രധാരൻ എന്നായിരുന്നു ഇതുവരെ പറഞ്ഞിരുന്നത്. ദൽഹിയിൽ ബോംബുപൊട്ടിയതോടെ കഥമാറി. ഈ രണ്ടു സ്ഫോടനങ്ങളുടെയും മുഖ്യ സൂത്രധാരൻ മുംബൈയിൽ നിന്നുള്ള കമ്പ്യൂട്ടർ വിദഗ്ധനും 2001 മുതൽ ഒളിവിൽ കഴിയുന്നയാളുമായ അബ്ദുൽ സുബ്ഹാൻ എന്ന തൗഖീറാണെന്നാണ് പുതിയ വെളിപാട്. ഇയാളോടൊപ്പം ഖയാമുദ്ദീന്റെയും മറ്റു മൂന്നാളുകളുടെയും പേരുകളും പ്രതിപ്പട്ടികയിലുണ്ട്. ഇവർക്കുവേണ്ടി രാജ്യമെങ്ങും വ്യാപക തെരച്ചിൽ നടക്കുകയാണ്. അഹ്മദാബാദ് സ്ഫോടനത്തിനു പിന്നിലുള്ളവർ തന്നെയാണ് ദൽഹിയിലുമെന്ന് സ്ഫോടനം നടന്ന് മണിക്കൂറുകൾക്കുള്ളിൽ കണ്ടെത്തിയത് ഗുജറാത്ത് പോലീസ്! തൗഖീറിനെ ഇന്ത്യൻ ബിൻലാദനെന്ന് വിശേഷിപ്പിക്കുന്നതുവരെയെത്തിയിരിക്കുന്നു കാര്യങ്ങൾ.

അഹ്മദാബാദ് സ്ഫോടന കേസുമായി ബന്ധപ്പെട്ട് വിളിച്ചു ചേർത്ത പത്രസമ്മേളനത്തിൽ ഇന്ത്യൻ മുജാഹിദീന്റെ പേരിൽ വന്ന ഇമെയിൽ സന്ദേശം അബൂ ബശീറാണ് അയച്ചതെന്നാണ് പോലീസ് വെളിപ്പെടുത്തിയത്. ബശീറിന് കമ്പ്യൂട്ടറും ഇംഗ്ലീഷ് ഭാഷയും അറിയാമോ എന്ന് മാധ്യമ പ്രവർത്തകർ ചോദിച്ചപ്പോൾ ഇമെയിൽ അയച്ചത് തൗഖീറാണെന്നും അതിന്റെ ഉള്ളടക്കം പറഞ്ഞുകൊടുത്തത് ബശീറാണെന്നുമായിരുന്നു മറുപടി. അബൂ ബശീറിനെ പിടികൂടിയപ്പോൾ തൗഖീറിന്റെ പേരുവന്നു. ഇനി ഇയാളെ പിടികൂടിയാൽ പുതിയ പേരുകൾ പ്രത്യക്ഷപ്പെടും. ഫ്രെയിംചെയ്യപ്പെട്ട പ്രതികളും അവരെ ചുറ്റിപ്പറ്റിയുള്ള അന്വേഷണവുമായി ബന്ധപ്പെട്ടവർ മുന്നോട്ടു പോകും. മറ്റൊരു സാധ്യതയും അവരുടെ പരിഗണനയിൽ പോലുമില്ല.

ദൽഹി സ്ഫോടനങ്ങൾക്ക് ആഴ്ചകൾക്കു മുമ്പ് യു.പിയിലെ കാൺപൂരിൽ സ്വകാര്യ ഹോസ്റ്റൽ കെട്ടിടത്തിൽ ബോംബ് നിർമിക്കുന്നതിനിടെ രണ്ടു ബജ്റംഗ്ദൾ പ്രവർത്തകർ കൊല്ലപ്പെട്ടിരുന്നു. ഹോസ്റ്റൽ കെട്ടിട ഉടമയുടെ മകനായിരുന്നു കൊല്ലപ്പെട്ടവരിലൊരാൾ. മകന് ബജ്റംഗ്ദൾ ക്യാമ്പിൽ ആയുധ പരിശീലനവും ബോംബു നിർമാണ പരിശീലനവും ലഭിച്ചിരുന്നുവെന്ന് വെളിപ്പെടുത്തിയത് പിതാവു തന്നെയായിരുന്നു. ഇരുവരും ബജ്റംഗ്ദൾ പ്രവർത്തകരായിരുന്നുവെന്ന് പാർട്ടിയുടെ ദേശീയ കൺവീനറും സമ്മതിച്ചു. ഈ കേസിൽ പിടിയിലായതും ബജ്റംഗ്ദൾ പ്രവർത്തകനാണ്. സംഭവസ്ഥലത്തുനിന്ന് കിട്ടിയ താക്കോൽകൂട്ടം ഇയാളുടെതായിരുന്നു. സ്ഫോടക വസ്തുക്കൾ സൂക്ഷിച്ച ഗോഡൗണിന്റേതായിരുന്നു ഈ താക്കോൽകൂട്ടം. ദസറ, ദീപാവലി ദിവസങ്ങളിൽ സ്ഫോടക വസ്തുക്കൾ ശേഖരിക്കുന്നതിൽ എന്താണ് തെറ്റെന്നായിരുന്നു ഇതിന് ബജ്റംഗ്ദൾ ദേശീയ കൺവീനർ നൽകിയ വിശദീകരണം. 2006ൽ മഹാരാഷ്ട്രയിലെ നാന്ദേഡിലും സമാന സംഭവമുണ്ടായി. കൊല്ലപ്പെട്ടത് ബജ്റംഗ്ദൾ പ്രവർത്തകരായിരുന്നു. പ്രതികളും ബജ്റംഗ്ദൾ പ്രവർത്തകർ. അടുത്തിടെ ജോധ അക്ബർ എന്ന സിനിമ പ്രദർശിപ്പിച്ച തിയറ്ററിനു നേരെയും ബോംബാക്രമണമുണ്ടായി. അങ്ങനെ പലയിടങ്ങളിലും ബോംബാക്രമണങ്ങളിൽ ബജ്റംഗ്ദൾ ബന്ധമുണ്ടെന്ന് അന്വേഷണ ഉദ്യോ

ഗസ്ഥർ കണ്ടെത്തിയിട്ടുണ്ട്. ആരോപണമല്ല; കൃത്യമായ കണ്ടെത്തലുകൾ തന്നെ. ബോംബുകൾ നിർമിക്കുന്നവരിൽ ബജ്റംഗ്ദളുകാരുമുണ്ടെന്നതിന് ഇതിൽ കൂടുതൽ തെളിവുകൾ വേണോ? എന്നിട്ടും അന്വേഷണം പേരിനുപോലും ആ വഴിയിലൂടെ പോകുന്നില്ല. ഇതിൽപരം അത്ഭുതം മറ്റെന്തുണ്ട്. കാൺപൂർ സ്ഫോടനത്തെക്കുറിച്ച് വാർത്ത വന്നത് യു.പിയിലെ പ്രാദേശിക ഹിന്ദി പത്രത്തിൽ മാത്രമായിരുന്നു. വർഗീയവത്കരിക്കപ്പെട്ട അന്വേഷണ ഏജൻസികളിൽ നിന്നും മാധ്യമങ്ങളിൽ നിന്നും ഇതിൽ കൂടുതൽ പ്രതീക്ഷിക്കാനാവില്ലല്ലോ. എന്നാൽ സ്ഫോടനത്തിന്റെ പേരിൽ നിരന്തരം വേട്ടയാടപ്പെടുന്ന സമുദായത്തിന്റെ സ്ഥിതിയോ? ദൽഹിയിൽ ഭീകരവിരുദ്ധ സമ്മേളനങ്ങൾ മത്സരിച്ച് നടത്തുന്ന സമുദായ സംഘടനകളൊന്നും കാൺപൂർ സംഭവത്തിന്റെ പേരിൽ പ്രതിഷേധിച്ചതായോ ഒരു വാർത്താ സമ്മേളനം നടത്തിയതായോ അറിവില്ല. ബജ്റംഗ്ദൾ പ്രവർത്തകർ ബോംബുനിർമിച്ചാലും പൊട്ടിത്തെറിച്ച് മരിച്ചാലും സ്ഫോടനത്തിന്റെ പേരിൽ സ്ഥിരം പ്രതിപ്പട്ടികയിൽ വരുന്ന ഒരു വിഭാഗത്തിന് പോലും പ്രതിഷേധമില്ലെങ്കിൽ പിന്നെ ആർക്കാണുണ്ടാവുക?

ഒരുകാര്യം തീർച്ചയാണ്. കൃത്യമായ ആസൂത്രണത്തോടെ സ്ഫോടനങ്ങൾ നടക്കുന്നതിനു പിന്നിൽ അതിലേറെ കൃത്യമായ തിരക്കഥയുണ്ട്. ഈ തിരക്കഥയുടെ ആവിഷ്കാരമാണ് രാജ്യത്തെ നടുക്കുന്ന ഓരോ സ്ഫോടനവും. ആണവകരാറിൽ നിന്ന് ശ്രദ്ധതിരിക്കാൻ യു.പി.എ സർക്കാർ ആസൂത്രണം ചെയ്തതാണ് ജയ്പൂർ, ബാംഗ്ലൂർ, അഹ്മദാബാദ് സ്ഫോടനങ്ങളെന്ന് മുതിർന്ന ബി.ജെ.പി നേതാവ് സുഷമ സ്വരാജ് തുറന്ന് പറഞ്ഞത് നാം മറന്നിട്ടില്ല. സുഷമ പറഞ്ഞത് രാഷ്ട്രീയമാവാം. എങ്കിലും ഒരു കാര്യം വ്യക്തമാണ്. സ്ഫോടനത്തിന് പിന്നിൽ രാഷ്ട്രീയവുമുണ്ടാവാമെന്നതിന്റെ വ്യക്തമായ സൂചനയാണ് അത്.

ഈ വക കാര്യങ്ങളിലൊന്നും മാധ്യമങ്ങൾക്കോ അന്വേഷണ ഉദ്യോഗസ്ഥർക്കോ താൽപര്യമില്ല. കാരണം പ്രതികളാരെന്ന കാര്യത്തിൽ അവർക്ക് സംശയമേയില്ല. മാധ്യമങ്ങൾക്കുമില്ല സംശയം. ദൽഹിയിൽ സ്ഫോടനം നടന്ന് മിനിറ്റുകൾക്കുള്ളിൽ തന്നെ കൃത്യമായ ആസൂത്രണത്തോടെ നഗര ഹൃദയങ്ങളിൽ ബോംബുവെച്ചവരെ ചാനലുകൾ കണ്ടെത്തി. ഇന്ത്യൻ മുജാഹിദീൻ! സ്ഫോടനത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ട് അവരുടെ പേരിൽ മാധ്യമങ്ങൾക്ക് ഇമെയിൽ സന്ദേശം ലഭിച്ചു! ഇതിൽപരം തെളിവുകൾ എന്തു വേണം. അതോടെ തീർച്ചയായി; പ്രതി ഇന്ത്യൻ മുജാഹിദീൻ തന്നെ. ഗുജറാത്ത് പോലീസ് കമീഷണറുടെ ഭാഷയിൽ പറഞ്ഞാൽ സിമി. സിമി എന്ന് ഇംഗ്ലീഷിലെഴുതിയാൽ രണ്ടാമത്തെയും മൂന്നാമത്തെയും വാക്കുകൾ ഐ.എം എന്നാണ്. ഇതാണ് ഇന്ത്യൻ മുജാഹിദീൻ. ഗുജറാത്ത് പോലീസിന് നമോവാകം. സ്ഫോടന സ്ഥലത്തുനിന്ന് സംശയത്തിന്റെ പേരിൽ പോലീസ് പിടികൂടിയ ആളെ ഐ.ബി.എൻ ചാനലിലെ രാജ്ദീപ് സർദേശായി വിശേഷിപ്പിച്ചതിങ്ങനെ: He could be the master mind (മുഖ്യസൂത്രധാരൻ ഇയാളായിരിക്കാം). അതായത് മുഖ്യസൂത്രധാരൻ കരോൾ ബാഗിൽ വന്ന് സ്ഫോടനം നോക്കിക്കാണുന്നു! എങ്ങനെയുണ്ട് സ്കൂൾ കുട്ടികളെ പോലും തോൽപിക്കുന്ന കണ്ടുപിടുത്തം? സർദേശായി താങ്കൾക്കും നമോവാകം. അടുത്ത സ്ഫോടനം വരെ കാത്തിരിക്കാം. പുതിയ പേരുകൾക്കും പ്രതികൾക്കുമായി. ■